# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3596 15.03.2018-ൽ മറുപടിക്ക്**

## കെ.എസ്.ഇ.ബി.യ്ക്ക് കുടിശ്ശിക ഇനത്തിൽ ലഭിക്കാനുള്ള തുക

| | ചോദ്യം<br><br>ശ്രീ. സി. ദിവാകരൻ : | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കെ.എസ്.ഇ.ബി.ക്ക് 2018 ഫെബ്രുവരി മാസം വരെ എത്ര കോടി രൂപ കുടിശ്ശിക ഇനത്തിൽ പിരിഞ്ഞു കിട്ടാനുണ്ടെന്ന് വ്യക്തമാക്കുമോ; ഇത് പിരിച്ചെടുക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ; | (എ) | 31.12.2017 - വരെ കുടിശ്ശിക ഇനത്തിൽ കെ.എസ്.ഇ.ബി. എല്ലിൽ - ന് പിരിഞ്ഞു കിട്ടാനുള്ള തുക 2441.22 കോടി രൂപയാണ്. 2018 ഫെബ്രുവരി മാസം വരെയുള്ള കുടിശ്ശിക സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു.<br>കുടിശ്ശിക വരുത്തിയ ഉപഭോക്താക്കൾക്ക് കുടിശ്ശിക നോട്ടീസുകൾ നല്കി, അടവ് വരുത്തുന്നതിൽ വീഴ്ച വരുത്തിയിട്ടുള്ള ഉപഭോക്താക്കളുടെ വൈദ്യുതി ബന്ധം വിച്ഛേദിച്ച് ഡിസ്മാന്റിൽ ചെയ്ത് റവന്യൂ റിക്കവറി നടപടികൾ മുഖേനയും കുടിശ്ശിക പിരിച്ചെടുക്കാനുള്ള ശ്രമം നടത്തുന്നുണ്ട്.<br>വിവധ കോടതികളിൽ വ്യവഹാരങ്ങളിൽപ്പെട്ട് കിടക്കുന്ന തുകകൾ ബഹുമാനപ്പെട്ട കോടതികളുടെ തീർപ്പനുസരിച്ച് മാത്രമേ പിരിച്ചെടുക്കാൻ സാധിക്കുകയുള്ളൂ.<br>റവന്യൂ റിക്കവറി നടപടിക്രമങ്ങളിൽ പ്പെട്ട് കിടക്കുന്ന കുടിശ്ശിക തുകകൾ പിരിച്ചെടുക്കുന്നതിനായി സ്റ്റേറ്റ് നോഡൽ ഓഫീസർ, താലൂക്ക് ജില്ലാടിസ്ഥാനത്തിൽ റവന്യൂ അധികാരികളുമായി ബന്ധപ്പെട്ട് കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു.<br>ഇത് കൂടാതെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പോലുള്ള സ്കീമുകൾ നടപ്പിലാക്കിയും, കുടിശ്ശിക പിരിച്ചെടുക്കൽ ഊർജ്ജിതപ്പെടുത്തുന്നതിനുള്ള ശ്രമം നടത്തുന്നുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കെ. എസ്. ഇ. ബി. യ്ക്ക് എത്ര കോടി രൂപയുടെ കുടിശ്ശികയാണ് പിരിഞ്ഞു കിട്ടാനുണ്ടായിരുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) | 30.06.2016-ലെ കണക്കുകൾ പ്രകാരം കെ. എസ്. ഇ. ബി എൽ-ന് ആകെ പിരിഞ്ഞുകിട്ടാനുള്ള കുടിശ്ശിക 1898.83 കോടി രൂപയായിരുന്നു. |

സെക്ഷൻ ഓഫീസർ